# പതിമൂന്നാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

വിവാഹബന്ധം വേർ പെടുത്തപ്പെട്ടവരുടെ കുട്ടികളുടെ പേരു തിരുത്തുന്നത്

നക്ഷത്രചിഹ്നമിടാത്ത ചോദ്യം :3440 16.12.15- ൽ മറുപടി നൽ കേണ്ടത്

| | ചോദ്യം<br>ശ്രീ. എൻ .എ.നെല്ലിക്കുന്ന് | | ഉത്തരം<br>ഡോ.എം.കെ.മുനീർ,<br>പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി |
|---|---|---|---|
| (എ) | വിവാഹബന്ധം വേർ പെടുത്തുകയോ, വേറിട്ട് താമസിക്കുകയോ ചെയ്യുന്നവരുടെ കുട്ടികളുടെ പേരു തിരുത്തുന്നതു സംബന്ധിച്ച് നിലവിലുള്ള വ്യവസ്ഥകൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ; | (എ) | വിവാഹ ബന്ധം വേർ പെടുത്തുകയോ, വേറിട്ട് താമസിക്കുകയോ ചെയ്യുന്നവരുടെ കുട്ടികളുടെ പേര് തിരുത്തുന്നതിന് നിലവിൽ വ്യവസ്ഥയുണ്ട്. വിവാഹബന്ധം വേർ പ്പെടുത്തുകയോ, വേറിട്ട് താമസിക്കുകയോ ചെയ്യുന്ന മാതാപിതാക്കളുടെ കേസുകളിൽ കുട്ടിയുടെ പേര് തിരുത്തുന്നതിനായി മാതാപിതാക്കളുടെ സംയുക്ത അപേക്ഷ സമർപ്പിക്കാൻ കഴിയാത്തതിനാൽ മാതാവ്/പിതാവ് ഉപേക്ഷിച്ച് പോയിട്ടുള്ള കേസുകളിലും കുട്ടി ആരുടെ സംരക്ഷണയിലാണോ അതിനനുസരിച്ച് മാതാവിന്റെ/പിതാവിന്റെ മാത്രം അപേക്ഷയുടെ അടിസ്ഥാനത്തിൽ ജനന രജിസ്റ്ററിൽ പേരു തിരുത്തി നൽകാവുന്നതാണ്. ഇത്തരം സന്ദർഭത്തിൽ മാതാവ്/പിതാവ്, കുട്ടിയും, തിരിച്ചറിയൽ രേഖയും സഹിതം രജിസ്ട്രാറുടെ മുമ്പാകെ ഹാജരാകേണ്ടതുമാണ്. തിരുത്തലിനുള്ള എല്ലാ വ്യവസ്ഥകളും പാലിച്ചു കൊണ്ട് ജനന രജിസ്റ്ററിൽ പേര് തിരുത്തി നൽകാവുന്നതാണെന്ന് 18/12/2014-ലെ 55767/ആർ.ഡി3/2014/തസ്വഭവ നമ്പർ സർക്കുലറിൽ നിഷ്കർച്ചിട്ടുണ്ട്. |
| (ബി) | ഇതു സംബന്ധിച്ച നിബന്ധനകൾ ഉദാരമാക്കി 2014 -ന ശേഷം പുറപ്പെടുവിച്ച ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കുമോ; | (ബി) | 18-12-2014-ലെ 55767/ആർ.ഡി3/14/തസ്വഭവ നമ്പർ സർക്കുലറിന്റെ പകർപ്പ് ഉള്ളടക്കം ചെയ്തിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | കുട്ടികളുടെ പേരു തിരുത്തുന്നതിന് സോമലത ടി.വി., ലതാഹൗസ്, കരിവെള്ളൂർ, പയ്യന്നൂർ മുൻസിപ്പാലിറ്റിയിൽ അപേക്ഷ സമർപ്പിച്ചിരുന്നോ; | (സി) | കുട്ടിയുടെ പേര് തിരുത്തുന്നതിനായി ശ്രീമതി.സോമലത ടി.വി., ലതാഹൗസ്, കരിവെള്ളൂർ എന്നയാൾ പയ്യന്നൂർ മുൻസിപ്പാലിറ്റിയിൽ അപേക്ഷ സമർപ്പിച്ചിട്ടില്ല. |
| (ഡി) | പ്രസ്തുത അപേക്ഷ നിരസിച്ചുവെങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കുമോ; | | ബാധകമല്ല. |
| (ഇ) | അപേക്ഷ അനുവദിക്കുന്നതിന് കൂടുതൽ എന്തെങ്കിലും വിവരങ്ങൾ ആവശ്യമുണ്ടോ; എങ്കിൽ അത് രേഖാമൂലം വ്യക്തമാക്കി അപേക്ഷകയ്ക്ക് കത്തു നൽകിട്ടുണ്ടോ; എങ്കിൽ പകർപ്പ് നൽകാമോ? | | ബാധകമല്ല. |

സെക്ഷൻ ഓഫീസർ

**കേരള സർക്കാർ**

നമ്പർ. 55767/ആർ.ഡി.3/14/ത.സ്വ.ഭ.വ

തദ്ദേശസ്വയം ഭരണ (ആർ.ഡി)വകുപ്പ്,
തിരുവനന്തപുരം, തീയതി. 18/12/14.

## സർക്കുലർ

സർ,

വിഷയം: ത.സ്വ.ഭ.വ. – വിവാഹ ബന്ധം വേർ പെടുത്തിയ കേസുകളിൽ കുട്ടിയുടെ ജനന രജിസ്റ്ററിൽ പേര് തിരുത്തുന്നതിനുള്ള അപേക്ഷ സമർപ്പിക്കുന്നത് സംബന്ധിച്ച് നിർ ദ്ദേശം പുറപ്പെടുവിക്കുന്നു.

സൂചന: 17-10-2013-ലെ 31512/ആർ.ഡി.3/13/തസ്വഭവ/നമ്പർ സർക്കുലർ.

സൂചന സർക്കുലർ പ്രകാരം ജനന രജിസ്റ്ററിൽ കുട്ടിയുടെ പേരിൽ തിരുത്തൽ വരുത്തുന്നതിന് മാതാപിതാക്കളുടെ സംയുക്ത അപേക്ഷ സമർപ്പിക്കേണ്ടതാണെന്ന് നിഷ്കർഷിക്കുന്നു. എന്നാൽ വിവാഹ ബന്ധം വേർ പെടുത്തിയ കേസുകളിലും, മാതാവ്/പിതാവ് ഉപേക്ഷിച്ച് പോയിട്ടുള്ള കേസുകളിലും സംയുക്താപേക്ഷ സമർപ്പിക്കുവാൻ കഴിയാത്തതിനാൽ ഇത്തരത്തിലുള്ള അപേക്ഷകൾ നിരസിക്കുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽ പ്പെട്ടിരിക്കുന്നു. ഇത്തരം സംഗതികളിൽ ഒരു പരിഹാരമാർഗ്ഗം കാണേണ്ടത് അത്യാവശ്യമായിരിക്കുന്ന സാഹചര്യത്തിൽ സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും പൊതുജനങ്ങൾക്ക് ഉണ്ടാകുന്ന ബുദ്ധിമുട്ട് കണക്കിലെടുത്ത് താഴെപ്പറയുന്ന നിർ ദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

വിവാഹ ബന്ധം വേർ പെടുത്തിയ കേസുകളിലും മാതാവ് / പിതാവ് ഉപേക്ഷിച്ച് പോയിട്ടുള്ള കേസുകളിലും കുട്ടി ആരുടെ സംരക്ഷണയിലാണോ അതനുസരിച്ച് മാതാവിന്റെ / പിതാവിന്റെ മാത്രം അപേക്ഷയുടെ അടിസ്ഥാനത്തിൽ ജനന രജിസ്റ്ററിൽ പേര് തിരുത്തി നല്കാവുന്നതാണ്. എന്നാൽ ഇത്തരം സന്ദർഭത്തിൽ മാതാവ് / പിതാവ് കുട്ടിയും ,തിരിച്ചറിയൽ രേഖയും സഹിതം രജിസ്ട്രാറുടെ മുമ്പാകെ ഹാജരാകേണ്ടതുമാണ്. തിരുത്തലിനുള്ള എല്ലാ വ്യവസ്ഥകളും പാലിച്ചുകൊണ്ട് ജനന രജിസ്റ്ററിൽ പേര് തിരുത്തി നൽകാവുന്നതാണ്.

ജെയിംസ് വർഗ്ഗീസ്,
(പ്രിൻസിപ്പൽ സെക്രട്ടറി)

[redacted]

1. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
2. നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
3. എല്ലാനഗരസഭകളിലേയും ഗ്രാമപഞ്ചായത്തുകളിലെയും പ്രസിഡൻറുമാർക്കും സെക്രട്ടറിമാർക്കും (വകുപ്പുതലവൻമാർ മുഖേന)
4. എല്ലാ ഡെപ്യൂട്ടി ഡയറക്ടർ (പഞ്ചായത്ത്)മാർക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന)
5. എല്ലാ റീജിയണൽ ജോയിൻറ് ഡയറക്ടർമാർക്കും ( നഗരകാര്യ ഡയറക്ടർ മുഖേന)
6. എല്ലാ ജനന മരണ രജിസ്ട്രാർമാർക്കും,
7. എക്സിക്യൂട്ടീവ് ചെയർമാൻ ആൻറ് ഡയറക്ടർ, ഇൻഫർ മേഷൻ കേരള മിഷൻ
8. ഇൻഫർ മേഷൻ ആൻറ് പബ്ലിക് റിലേഷൻസ് വകുപ്പിന് (പത്ര മാദ്ധ്യമങ്ങളിൽ പ്രസിദ്ധീകരിക്കുന്നതിന്)

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ

പകർപ്പ്:

1. തദ്ദേശസ്വയം ഭരണ പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ യ്ക്ക്
2. തദ്ദേശസ്വയം ഭരണ സെക്രട്ടറിയുടെ പി.എ യ്ക്ക്
3. സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

(ശരിപകർപ്പ്)

സെക്ഷൻ ഓഫീസർ